## 1996-ലെ 5-ാം ആക്റ്റ്

## 1996-ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ചില സൊസൈററികളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് *

ചില സൊസൈററികളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാനുള്ള

ഒരു

ആക്റ്റ്

പീഠിക.— ചില സൊസൈററികളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ നാൽപ്പത്തേഴാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1996-ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ചില സൊസൈററികളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്നു പേർ പറയാം.

(2) ഇത് 1995 ഒക്ടോബർ 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "കമ്മിററി" എന്നാൽ ഒരു സൊസൈററിയുടെ ഭരണഘടനയോ ബൈലാകളോ , ചട്ടങ്ങളോ മൂലം അതിന്റെ നടത്തിപ്പ് ഭരമേൽപ്പിച്ചിട്ടുള്ള സൊസൈററിയുടെ ഗവേണിംഗ് ബോഡി, അത് ഏതു പേരിലറിയപ്പെട്ടാലും ശരി, എന്നർത്ഥമാകുന്നു;

(ബി) "സൊസൈററി" എന്നാൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ററിന്റെ (1969-ലെ 21) പട്ടികയിൽ പറഞ്ഞിട്ടുള്ള ഒരു സഹകരണ സംഘമെന്നോ, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക

---

* 1996 മാർച്ച് 26-ാം തീയതി ഗവർണ്ണറുടെ അംഗീകാരം ലഭിക്കുകയും 1996 ഒക്ടോബർ 15-ാം തീയതിയിലെ 41-ാം നമ്പർ കേരള ഗസററായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററിന്റെ (1955-ലെ XII) യോ 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററിന്റെ XXI-ാം കേന്ദ്ര ആക്ററ്) യോ കീഴിൽ രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് ഒരു സൊസൈററിയായി സർക്കാർ പ്രഖ്യാപിക്കുന്നതുമായ മറ്റേതെങ്കിലും സൊസൈററിയെന്നോ അർത്ഥമാകുന്നു;

**3.** <u>സൊസൈററികളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ</u>.—**(1)** ഒരു സൊസൈററിയുടെ കീഴിലുള്ള സർവ്വീസുകളിൽ ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിനുള്ള സെലക്ട് ലിസ്ററ് തയ്യാറാക്കുന്നത് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

**(2)** ഓരോ സൊസൈററിയുടെയും കമ്മിററി, പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി—

(എ) ആ സൊസൈററിയുടെ കീഴിലുള്ള സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും;

(ബി) ആ സൊസൈററിയുടെ കീഴിലുള്ള സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിൽ അനുവർത്തിക്കേണ്ട തത്വങ്ങൾ സംബന്ധിച്ചും ങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും ആലോചിക്കേണ്ടതും, അപ്രകാരം തങ്ങൾക്ക് റഫർ ചെയ്യുന്ന ഏതൊരു സംഗതിയിൻമേലും ഉപദേശം നൽകേണ്ടത് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതുമാണ്:

എന്നാൽ സാമാന്യമായോ ഏതെങ്കിലും പ്രത്യേക വിഭാഗം കേസുകൾ സംബന്ധിച്ചോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ, പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കേണ്ടതില്ലാത്ത സംഗതികൾ പ്രത്യേകം പറഞ്ഞുകൊണ്ട്, സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**(3)** **(2)**-ാം ഉപവകുപ്പിലെ യാതൊന്നും, **1969**-ലെ കേരള സഹകരണ സംഘങ്ങൾ ആക്ററ് **(1969**-ലെ **21)** ~~ന്റെ **80**-ാം വകുപ്പിലെ **(1)**~~-ാം ഉപവകുപ്പിലോ **(2)**-ാം ഉപവകുപ്പിലോ **(3)**-ാം ഉപവകുപ്പിലോ പ്രത്യേകം പറഞ്ഞിട്ടുള്ള സംഗതികളിലേതെങ്കിലും സംബന്ധിച്ച് പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുവാൻ ഒരു കമ്മിററിയോടേ ആവശ്യപ്പെടുന്നില്ല.

(4) ഏതെങ്കിലും സംഗതിയിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷനും ഒരു കമ്മിററിയും തമ്മിൽ ഏതെങ്കിലും അഭിപ്രായ വ്യത്യാസം ഉള്ളിടത്ത്, കമ്മിററി ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും സർക്കാരിന്റെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

എന്നാൽ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരെ ഒരു തീരുമാനം എടുക്കുന്നതിനു മുമ്പ് സർക്കാർ ആ സംഗതി കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. <u>ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം</u>.—(1) സർക്കാരിന്, പബ്ലിക്ക് സർവ്വീസ് കമ്മീഷനും സൊസൈററികളുടെ കമ്മിററികളുമായി ആലോചിച്ച് ഈ ആക്ററിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുവാൻ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ—

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്നതിന് ഒരു കമ്മിററി അനുവർത്തിക്കേണ്ട നടപടിക്രമവും;

(ബി) പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതൊരു കാര്യവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം ആകുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ

ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**5.** റദ്ദാക്കലും ഒഴിവാക്കലും.—**(1)** **1995**-ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ചില സൊസൈററികളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (**1995**-ലെ **15**) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

**(2)** അപ്രകാരം റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത ഓർഡിനൻസുപ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സംഗതിയോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ററ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.